(സി) ഉൾനാടൻ മത്സ്യഇനങ്ങൾ വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കപ്പെടുന്നുണ്ടോ ; എങ്കിൽ കഴിഞ്ഞ രണ്ടുവർഷത്തെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഉൾനാടൻ മത്സ്യഉല്പാദനം വർദ്ധിപ്പിക്കാൻ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

(ബി) കട്ല, മൃഗാൾ, രോഹു, സൈപ്രിസ് ആറ്റുകൊഞ്ച് മുതലായവ.

(സി) സർക്കാർ ഹാച്ചറികളിൽ നിന്ന് കയറ്റുമതി ചെയ്യുന്നില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

മത്സ്യകൃഷി വികസനത്തിന് വിദേശ ഗവൺമെന്റിന്റെ സഹായം

108 (2357) ശ്രീമതി രാധാരാഘവൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യകൃഷി വികസനത്തിന് ഏതെങ്കിലും വിദേശ ഗവൺമെന്റിന്റെ സഹായം സംസ്ഥാനഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിദേശ ഗവൺമെന്റുകളുടെ സഹായമാണ് ലഭിക്കുന്നതെന്ന് പറയുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജർമ്മനി, കുവൈറ്റ് എന്നീ വിദേശ ഗവൺമെന്റുകളുടെ സഹായം ലഭിച്ചിട്ടുണ്ട്. ഇപ്പോൾ ലഭിക്കുന്നില്ല.

എൻ.സി.ഡി.സി. പദ്ധതികളിലെ കുടിശ്ശികയും ക്രമക്കേടുകളും

109 (2388) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.സി.ഡി.സി. പദ്ധതികളിലോരോന്നിലും വായ്പാ സബ്സിഡി, മൂലധന വിഹിതമായി സംസ്ഥാന സർക്കാർ എന്തുതുക വീതം മത്സ്യഫെഡിന് നൽകിയിട്ടുണ്ടെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly